അതേസമയം, തെലുഗുദേശവും അണ്ണാ ദ്രാവിഡ മുന്നേററക്കഴകവും, ദ്രാവിഡമുന്നേററക്കഴകവും, കാശ്മീർ നാഷണൽ കോൺഫറൻസുംപോലെയുള്ള പ്രാദേശികപാർട്ടികൾക്ക് ഇന്നും വ്യാപകമായ ജനപിന്തുണയുണ്ട്. അവയുടെ വിശ്വാസ്യത നഷ്ടപ്പെട്ടിട്ടില്ല.

പ്രാദേശികഭാഷകൾ, പ്രാദേശികസംസ്കാരങ്ങൾ, പ്രാദേശിക വ്യക്തിത്വങ്ങൾ, പ്രാദേശിക അഭിമാനങ്ങൾ എന്നിവ ഇന്ത്യയിലിപ്പോഴും അടിഞ്ഞമർന്നുകിടക്കുകയാണ്. ഇവയുടെ സംരക്ഷണത്തിലും പോഷണത്തിലും പ്രതിജ്ഞാബദ്ധങ്ങളായ പ്രാദേശികപാർട്ടികൾക്ക്, ശരിയായ നേതൃത്വം ലഭിക്കുന്നപക്ഷം, എന്തു നേടാൻ കഴിയുമെന്നതിന്ന 'തെലുഗുദേശ'ത്തിന്റെ ഹ്രസ്വചരിത്രം മികച്ച ഉദാഹരണമാകുന്നു.

നേതാക്കൾ സമരത്തിന്റെ മാർഗത്തിൽനിന്നു പിൻതിരിഞ്ഞു് ജനാധിപത്യപ്രക്രിയയിൽ പങ്കെടുത്തുതുടങ്ങുന്നതോടെ അസാം സംസ്ഥാനം ഒരു പ്രാദേശിക രാഷ്ട്രീയകക്ഷിയുടെ ഭരണത്തിൻകീഴിൽ വരാനാണു സാദ്ധ്യത.

മതത്തിൽനിന്നു് ഊന്നൽ ഭാഷയിലേക്കു മാററിയാൽ, പഞ്ചാബിന്റെ ഭരണം അകാലികളുടെ കൈയിലാവാൻ ഏറെ താമസമുണ്ടാവില്ല. അപ്പോൾ അകാലികൾ ഒരു മതസംഘടനയല്ലാതെ, പ്രാദേശിക രാഷ്ട്രീയപ്പാർട്ടിയായിത്തീരും.

മഹാരാഷ്ട്രത്തിലും ഗുജറാത്തിലും ഒറീസയിലും മാത്രമല്ല, ഹിന്ദിപ്രദേശങ്ങളിൽപ്പോലും പ്രാദേശികപാർട്ടികൾ രൂപവല്ക്കരിക്കപ്പെടാനുള്ള സാദ്ധ്യതകളുണ്ട്.

ഇത്തരം പ്രാദേശികപാർട്ടികളുടെ ഒരു ഫെഡറേഷൻ ഇന്ദിരാ കോൺഗ്രസ്സിനെ തള്ളിമാററി കേന്ദ്രത്തിൽ അധികാരത്തിൽ വന്നുകൂടായ്കയില്ല. പക്ഷേ, അതിന്നു് ഇനിയും ഏറെ സമയം പിടിക്കും.

ഇങ്ങനെയൊരു ശരിയായ വികല്പം ഉരുത്തിരിഞ്ഞുവരുംമുമ്പ്, അഖിലേന്ത്യാനാട്യക്കാരായ നറുങ്ങുപാർട്ടികളെയും അഴിമതിക്കും ദുർഭരണത്തിനും കുപ്രസിദ്ധി നേടിയ, തലക്കനം മാത്രം കൈമുതലായുള്ള അവയുടെ നേതാക്കളെയും ഉൾപ്പെടുത്തി നിർമ്മിക്കുന്ന താല്ക്കാലിക കൂട്ടുകെട്ടുകൾ ഇന്ത്യയുടെ ദേശീയ പ്രതിസന്ധിയുടെ ആഴം കൂട്ടാൻ മാത്രമേ ഉപകരിക്കൂ എന്നതാണു് അല്പകാലത്തെ ജനതാഭരണം നമ്മെ വേദനിപ്പിച്ചു പഠിപ്പിച്ച പാഠം. ആ പാഠം നാം മറക്കാറായിട്ടില്ല.

സർക്കസുകളിൽ, കായികാഭ്യാസികൾ ട്രപ്പീസിൽനിന്നു് ഇറങ്ങിയശേഷം, കോമാളികൾ ട്രപ്പീസിന്ന ചുവട്ടിൽ കൂടിനിന്നു ചില അഭ്യാസാഭാസങ്ങൾ കാണിച്ചു കാഴ്ചക്കാരെ ചിരിപ്പിക്കാറുണ്ടല്ലോ. പല 'അഖിലേന്ത്യാ' നേതാക്കളുടെയും പ്രകടനങ്ങൾ നമ്മിൽ ഉണർത്തുന്നതു് ഇത്തരം ചിരി മാത്രമാണ്.

(5 ജൂൺ, 1983)

## 46. അസാമിലെ തെരഞ്ഞെടുപ്പ്

'തെരഞ്ഞെടുപ്പ്' എന്നു് എഴുതിപ്പോയി. ക്ഷമിക്കുക! എഴുതേണ്ടിയിരുന്നതു് 'ആഭ്യന്തരസമരം' എന്നാണ്. ഫെബ്രുവരി 14, 17, 20 തീയതികളിൽ അസാമിൽ നടന്നതു് തെരഞ്ഞെടുപ്പല്ല; നീണ്ട ആഭ്യന്തര സമരത്തിനിടയിലെ പൊരിഞ്ഞ പോരാട്ടം ആയിരുന്നു. ആഭ്യന്തര സമരത്തിൽ ഒരു ഭാഗത്തു പൊരുതുന്നതു് അസാമിൽ ജനിച്ചു വളരുകയും

അസാം ഭാഷ സംസാരിക്കുകയും അസാം സാഹിത്യത്തിൽ രസിക്കുകയും അസാം സംസ്കാരത്തിൽ അഭിമാനിക്കുകയുംചെയ്യുന്ന, യഥാർത്ഥ അസാം ജനങ്ങളാണ്. മറുഭാഗത്ത് അണിനിരന്നതാകട്ടെ, അയൽരാജ്യങ്ങളായ ബംഗ്ലാദേശിൽനിന്നും നേപ്പാളിൽനിന്നും മറ്റും അനധികൃതമായി അസാമിൽ കുടിയേറി പാർപ്പുറപ്പിച്ചിട്ടുള്ളവരും അവരെ അനുകൂലിക്കുന്ന പടിഞ്ഞാറൻ ബംഗാളിൽനിന്നുള്ള കുടിയേറ്റക്കാരും, അവരുടെ പക്ഷം ചേർന്ന കേന്ദ്രഗവണ്മെൻറും, ഈ ആഭ്യന്തരസമരത്തിലെ കലങ്ങിയ വെള്ളത്തിൽ മീൻപിടിക്കുന്ന കോൺഗ്രസ് (ഐ), കോൺഗ്രസ് (എസ്), സി. പി. എം. (മാർക്സിസ്റ്റ്), സി. പി. ഐ, റവല്യൂഷണറി കമ്മ്യൂണിസ്റ്റ് പാർട്ടി (ആർ. സി. പി. ഐ), സോഷ്യലിസ്റ്റ് യൂണിറ്റി സെൻറർ (എസ്. യു. സി. ഐ), ആർ. എസ്. പി. എന്ന രാഷ്ട്രീയ കക്ഷികളും ആകുന്നു.

അസാമിലെ ആഭ്യന്തരസമരത്തിന് ഒരു നൂറ്റാണ്ടു നീണ്ട പശ്ചാത്തലമാണുള്ളത്. ഇന്ത്യയിലെ മറ്റു ഭാഗങ്ങൾ പിടിച്ചടക്കിയശേഷം വളരെ കഴിഞ്ഞാണ് ബ്രിട്ടീഷുകാർ അസാമിലെ നാട്ടുരാജാവിൽനിന്ന് ആ പ്രദേശം കൈക്കലാക്കിയത്. അസാമീയ ദേശീയബോധത്തെ അടിച്ചമർത്തുന്നതിൽ ഒരു ദാക്ഷിണ്യവും ബ്രിട്ടീഷുകാർ പ്രദർശിപ്പിച്ചില്ല. അസാം ഭരിക്കാൻ അവർ ബംഗാളികളായ കീഴുദ്യോഗസ്ഥന്മാരെ കൂട്ടമായി കൊണ്ടുവന്നു. അസാമിലെ ഭരണവും വിദ്യാഭ്യാസവും ബംഗാളിഭാഷയിലൂടെയാക്കി. പ്രാഥമികവിദ്യാലയങ്ങളിൽനിന്നുപോലും അസാമിയഭാഷ നിഷ്കാസനംചെയ്യപ്പെട്ടു. സ്കൂളുകളിൽ അസാമിയ ഭാഷയെ പുനഃപ്രതിഷ്ഠിക്കുന്നതിനും ഒരു അസാമിയസാഹിത്യം വളർത്തിയെടുക്കുന്നതിനും അസാംകാർക്കു വളരെക്കാലത്തെ അത്യദ്ധ്വാനം മാത്രമല്ല, വമ്പിച്ച ത്യാഗങ്ങൾകൂടി അനുഷ്ഠിക്കേണ്ടിവന്നു.

അസാമിലെ ഭൂമി ഫലഭൂയിഷ്ഠമാണ്. വെള്ളം ധാരാളം. ജനങ്ങൾ ചുരുക്കം. ഉള്ളവർ അലസരും. കുടിയേറ്റക്കാരെ അസാം ആകർഷിച്ചതിൽ എന്താണ് അത്ഭുതം? ബ്രിട്ടീഷ് ഭരണകാലത്തുതന്നെ അസാമിൽ ലക്ഷക്കണക്കിന് അന്യഭാഷക്കാർ കുടിയേറിപ്പാർത്തു. ഭാരതം സ്വതന്ത്രമായപ്പോഴാകട്ടെ, അസാമിലേക്കുള്ള കുടിയേറ്റക്കാരുടെ പ്രവാഹം ബ്രഹ്മപുത്രയിലെ വെള്ളപ്പൊക്കംപോലെ, പെട്ടെന്നു പെരുകി. അസാമിനും പാക്കിസ്ഥാനും ഇടയിലുള്ള നീണ്ട അതിർത്തിപ്രദേശം, ഭൂമിക്കു മുകളിലെ ഒരു സാങ്കല്പികരേഖ മാത്രമായിരുന്നു. ഒരു മുള്ളുവേലിപോലും ഈ രണ്ടു രാജ്യങ്ങളെ വേർതിരിച്ചിരുന്നില്ല. ഈ അതിർത്തിയിൽ പോലീസ്പാറാവുപോലും ഉണ്ടായിരുന്നുമില്ല. അതിനാൽ പാക്കിസ്ഥാനിൽനിന്ന് (മറ്റു രാജ്യങ്ങളിൽനിന്നും) ആർക്കു വേണമെങ്കിലും അതിർത്തി കടന്ന് അസാമിൽ വരാമായിരുന്നു. രാഷ്ട്രീയാസ്വാസ്ഥ്യങ്ങൾ കൊടുമ്പിരിക്കൊണ്ടു, വർഗീയകലാപങ്ങളുടെ കേന്ദ്രമായിരുന്ന, കിഴക്കൻ പാക്കിസ്ഥാനിൽനിന്നു (പിന്നീടു ബംഗ്ലാദേശത്തുനിന്നും) കണക്കറ്റ അഭയാർത്ഥികൾ അസാമിൽ കടന്നു കുടിൽ കെട്ടി പാർത്തു. അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർക്കു കൈക്കൂലി കൊടുത്ത് ഇവർ ഇന്ത്യൻ പൗരത്വം നേടുകയും വോട്ടർ പട്ടികകളിൽ പേർ ചേർപ്പിക്കുകയുംചെയ്തു. കുടിയേറ്റക്കാരെ തങ്ങളുടെ 'വോട്ട് ബാങ്കുകൾ' ആക്കി വളർത്തിയെടുക്കാമെന്നു രാഷ്ട്രീയകക്ഷികൾ, പ്രത്യേകിച്ച് അധികാരത്തിലിരുന്ന കോൺഗ്രസ്പാർട്ടി, കരുതി. ക്രമേണ ഏതാനും ജില്ലകളിലൊഴികെ, അസാമിലെ വോട്ടർമാരിൽ ബഹുഭൂരിപക്ഷം അസാമിയ ഭാഷ സംസാരിക്കാത്തവർ ആയിത്തീർന്നു. ത്രിപുര സംസ്ഥാനം ഒരു ബംഗാളിഭാഷാപ്രദേശം ആയിക്കഴിഞ്ഞിരിക്കയാണല്ലോ. അതുപോ

ലെ അസാം സംസ്ഥാനവും ഒരു ബംഗാളിഭാഷാപ്രദേശം ആവാൻ അധികം താമസമില്ല.

അസാംകാർ ഈ വസ്തുത മനസ്സിലാക്കിയതു വളരെ താമസിച്ചാണ്. അതോടെ അനധികൃതമായി അസാമിൽ കുടിയേറിയവരെ പുറത്താക്കണമെന്ന് അവർ വാദിച്ചുതുടങ്ങി. 1951 മുതൽ അസാമിൽ ഒളിച്ചുകടന്നു പാർപ്പുറപ്പിച്ച വിദേശിയരെ കണ്ടുപിടിച്ചു വിചാരണചെയ്തു പുറത്തയയ്ക്കുവാൻ ഏർപ്പാടുണ്ടാക്കണമെന്നായിരുന്നു അവരുടെ ആവശ്യം. അധികൃതർ, പക്ഷേ, മുമ്പുപറഞ്ഞ കാരണങ്ങളാൽ ഇതിനു് എതിരായിരുന്നു. പതിനഞ്ചു വർഷംമുമ്പ് അസാമിലെ മുഖ്യമന്ത്രി വി. പി. ചാലിഹ, അസാമിൽ അനധികൃത കുടിയേററക്കാരുണ്ടെന്ന വസ്തുതതന്നെ നിഷേധിച്ചു. പിന്നീട് ബംഗ്ളാദേശ് പാക്കിസ്ഥാനിൽനിന്നു വേർപിരിഞ്ഞ സമയത്തും അസാമിലേക്കു വലിയ തോതിൽ നിയമവിരുദ്ധമായ കുടിയേററമുണ്ടായി. ബംഗ്ളാദേശിന്റെ സ്ഥാപകനായ മുജീബുർ റഹ്മാനും ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും തമ്മിൽ ഉണ്ടാക്കിയ കരാറിൽ, ബംഗ്ളാദേശുനിന്നുള്ള കുടിയേററക്കാരെ തിരിച്ചയയ്ക്കുകയില്ലെന്ന ഒരു രഹസ്യവകുപ്പ് ഉൾപ്പെടുന്നുണ്ടെന്നു പലരും വിശ്വസിക്കുന്നു.

വൈകിയാണെങ്കിലും അസാംകാർ ഉണർന്നു. സ്വന്തം നാട്ടിൽ തങ്ങൾ ഒരു ന്യൂനപക്ഷമായിക്കൊണ്ടിരിക്കയാണ് എന്ന് അവർ മനസ്സിലാക്കി. നിയമവിരുദ്ധകുടിയേററക്കാരെ പുറത്താക്കാൻ അവർ പ്രക്ഷോഭണം ആരംഭിച്ചു. അസാമിലെ സാഹിത്യകാരന്മാർ ആണ് ഈ പ്രക്ഷോഭണത്തിനു നേതൃത്വം നൽകിയതു്. വിദ്യാർത്ഥികൾ അതേറെറടുത്തു. അഖില അസാം വിദ്യാർത്ഥിസംഘടന, അഖില അസാം ഗണ സംഗ്രാമ പരിഷത്ത് എന്നീ സംഘടനകൾ, വിദേശപൗരരെ അസാമിൽനിന്നു പുറത്താക്കുന്നതിനു തികച്ചും അഹിംസാത്മകമായ ഒരു നിസ്സഹകരണ പ്രസ്ഥാനം 1979 ജൂൺ 8 മുതൽ ആരംഭിച്ചു. ഇതു് അസാമിനു മാത്രം വേണ്ടിയുള്ള സമരമായിരുന്നില്ല. വിദേശീയ പൗരന്മാർ ഒരു നിയന്ത്രണവുമില്ലാതെ കുടിയേറിപ്പാർക്കുന്നതു് ഇന്ത്യയുടെ ആഭ്യന്തരസമാധാനത്തിനുതന്നെ ഭീഷണിയാണല്ലോ. അതിനാൽ, ഇന്ത്യയ്ക്കു മുഴവൻ രക്ഷയ്ക്കു വേണ്ടിയുള്ള ഒരു സമരമാണ് അസാംകാരുടേതു്. അതു നമ്മുടെയെല്ലാം സമരമാണ്.

അസാമിലെ സമരത്തിനു ചില പ്രത്യേകതകൾ ഉണ്ടായിരുന്നു. തികച്ചും സമാധാനപരമായിരുന്നു അതെന്നു് എടുത്തുപറയേണ്ടതുണ്ട്. അടുത്ത നാഗാലാൻഡിലോ, മിസോറാമിലോ, മണിപ്പൂരിലോ കലാപകാരികൾ ചെയ്തതുപോലെ, അസാംകാർ എതിരാളികളെ തോക്കും ബോംബുമെടുത്ത് ആക്രമിച്ചില്ല. അസാംപ്രക്ഷോഭണത്തിന്റെ മുന്നണിയിൽ അവിടത്തെ സ്ത്രീകളായിരുന്നു എന്നതാണ് പ്രസ്താവ്യമായ മറെറാരു വസ്തുത. ഗാന്ധിജിയുടെ കാലത്തിനുശേഷം ഇത്തരത്തിലൊരു ബഹുജനപ്രസ്ഥാനം ഇന്ത്യയിൽ മറെറാരിടത്തും ഉണ്ടായിട്ടില്ല.

1978—ൽ നടന്ന തെരഞ്ഞെടുപ്പിൽ, ആകെയുള്ള 126 സ്ഥാനങ്ങളിൽ 53—ം നേടിയ ജനത അസാമിൽ അധികാരത്തിൽ വന്നു. പക്ഷേ, അതുവരെ അസാം ഭരിച്ചിരുന്ന കോൺഗ്രസ്പാർട്ടിയുടേതിൽനിന്നു് ഒരു വിധത്തിലും വ്യത്യസ്തമായിരുന്നില്ല ജനതാപാർട്ടിയുടെ ഭരണം. ഏറെത്താമസിയാതെ, നിയമസഭയിൽ അന്നു് എട്ടു് അംഗങ്ങൾ മാത്രമുണ്ടായിരുന്ന കോൺഗ്രസ് (ഐ) കക്ഷി ജനതയെ സ്ഥാനഭ്രഷ്ടമാക്കി മന്ത്രിസഭ രൂപവല്ക്കരിച്ചു. കാൽമാററക്കാരുടെ സഹായത്തോടെ ദീർഘകാലം അധികാരത്തിൽത്തുടരാൻ ഈ കക്ഷിക്കു കഴിഞ്ഞില്ല. കോൺഗ്രസ്(ഐ)കക്ഷി അധികാരഭ്രഷ്ടമായതിനെത്തുടർന്നു് അസാമിൽ

രാഷ്ട്രപതിഭരണം പ്രഖ്യാപിക്കപ്പെട്ടു. രണ്ടു വർഷത്തിലധികം രാഷ്ട്രപതിഭരണം നീട്ടിക്കൊണ്ടുപോകാൻ ഇപ്പോൾ നിയമമില്ല. രാഷ്ട്രപതിഭരണം, വേണ്ടിവന്നാൽ, പിന്നെയും രണ്ടു വർഷത്തേക്കുകൂടി നീട്ടുന്നതിനു് ഭരണഘടനയിൽ ഭേദഗതി വരുത്തണം. രാജ്യസഭയിൽ മൂന്നിൽ രണ്ടു് എന്ന തോതിനു ഭൂരിപക്ഷം ഭരണകക്ഷിക്കില്ലാത്തതിനാൽ, എതിർകക്ഷികൾകൂടി സഹായിച്ചാലേ ഇത്തരമൊരു ഭരണഘടനാഭേദഗതി പാർലമെൻറിൽ പാസാക്കിയെടുക്കാൻ കഴിയൂ. ഭരണകക്ഷി ഉദ്ദേശിക്കുന്നതരത്തിൽ ഈ ഭേദഗതി അവതരിപ്പിച്ചു പാസാക്കാൻ എതിർകക്ഷികൾ, പ്രത്യേകിച്ചു് ജനതാപാർട്ടി തയ്യാറായില്ല. ഇപ്പോഴത്തെ നിയമപ്രകാരം, അസാമിലെ രാഷ്ട്രപതിഭരണം മാർച്ച് 18–നു് അവസാനിക്കുകയുംവേണം. അതിനാൽ, മാർച്ച് 18–നുമുമ്പു് അസാമിൽ തെരഞ്ഞെടുപ്പു നടത്തുകയല്ലാതെ കേന്ദ്രഗവണ്മെൻറിനു വേറെ പോംവഴിയൊന്നുമുണ്ടായിരുന്നില്ല.

അസാമിലെ പ്രക്ഷോഭനേതാക്കളുമായി ഒത്തുതീർപ്പുണ്ടാക്കി, സമാധാനപരമായി തെരഞ്ഞെടുപ്പു നടത്താൻ പ്രധാനമന്ത്രി ശ്രമിക്കാതിരുന്നില്ല. 1980 ഫെബ്രുവരിയിൽ ശ്രീമതി ഇന്ദിരാഗാന്ധി അസാം പ്രക്ഷോഭനേതാക്കളെ ചർച്ചകൾക്കു ക്ഷണിച്ചു. 1983 ജനുവരി 5 വരെ, ഇരുപത്തിമൂന്നുവട്ടം, ഈ ചർച്ചകൾ നടന്നു. ഒരൊത്തുതീർപ്പിലും എത്താതെ ചർച്ചകൾ അലസിപ്പിരിയുകയാണുണ്ടായതു്. ഇതോടെ പ്രക്ഷോഭകാരികളെയെല്ലാം തടങ്ങലിലാക്കി; പത്രസ്വാതന്ത്ര്യം നിയന്ത്രിച്ചു; തെരഞ്ഞെടുപ്പു പ്രഖ്യാപിക്കുകയുംചെയ്തു.

1980–ൽ തയ്യാറാക്കിയ വോട്ടർപട്ടികയനുസരിച്ചാണു് ഇപ്പോൾ തെരഞ്ഞെടുപ്പു നടത്തിയിട്ടുള്ളതു്. ഈ പട്ടികയിൽനിന്നു് ഇന്ത്യൻ പൗരന്മാരല്ലാത്തവരുടെ പേരുകൾ നീക്കിക്കളയണമെന്നും, 1980–നും 1983–നും ഇടയ്ക്കു പ്രായപൂർത്തി നേടിയ ഇന്ത്യൻ പൗരന്മാരുടെ പേരുകൾ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തണമെന്നുമാണു് അസാം പ്രക്ഷോഭനേതാക്കൾ ആവശ്യപ്പെടുന്നതു്. ഈ ആവശ്യം തികച്ചും ന്യായമാണെന്നു പ്രകടമാണല്ലോ. മുഖ്യമായി എട്ടു് ആവശ്യങ്ങളാണു പ്രക്ഷോഭനേതാക്കൾ ഉന്നയിച്ചിട്ടുള്ളതു്:

1. അസാമിലുള്ള വിദേശപൗരന്മാരെ കണ്ടുപിടിച്ചു്, അവരെ ഇന്ത്യയിൽനിന്നു പുറത്തയയ്ക്കുക.

2. അസാമിൽ തെരഞ്ഞെടുപ്പു നടത്തുംമുമ്പു് വോട്ടർപട്ടികയിൽനിന്നു വിദേശപൗരന്മാരുടെ പേരുകൾ നീക്കിക്കളയുക.

3. ഭാവിയിൽ വിദേശപൗരന്മാരുടെ പേരുകൾ വോട്ടർപട്ടികയിൽ കടന്നുകൂടാതിരിക്കാൻ ഏർപ്പാടുചെയ്യുക.

4. വിദേശങ്ങളിൽനിന്നു നിയമവിരുദ്ധമായ കുടിയേററം തടയുന്നതിനു് അന്താരാഷ്ട്രീയ അതിർത്തിയിൽ കർശനമായ കാവൽ ഏർപ്പെടുത്തുക.

5. അസാമിലെ വോട്ടർമാർക്കു ഫോട്ടോ പതിച്ച അഭിജ്ഞാനപത്രങ്ങൾ (ഐഡൻറിററി കാർഡുകൾ) നൽകുക (കള്ളവോട്ടു് തടയാനാണു് ഇതു്).

6. വടക്കു–കിഴക്കെ ഇന്ത്യയിലെ ജനങ്ങൾക്കു് അടുത്ത രണ്ടു പതിററാണ്ടുകളിൽ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുക.

7. പശ്ചിമബംഗാളിലെയും ത്രിപുരയിലെയും ഗവണ്മെൻറുകൾ പലർക്കും, അവർ ഇന്ത്യൻ പൗരന്മാരാണെന്ന സർട്ടിഫിക്കററ് നൽകിയിട്ടുണ്ടു്. പൗരത്വം നൽകാനുള്ള അവകാശം കേന്ദ്രഗവണ്മെൻറിനു മാത്രമാണു്. അതിനാൽ പശ്ചിമബംഗാളും ത്രിപുരയും നൽകിയ

പൗരത്വ സർട്ടിഫിക്കറ്റുകൾ റദ്ദാക്കാനുള്ള അധികാരം അസാം ഗവണ്മെൻറിനു നൽകുക.

8. പൗരത്വ സർട്ടിഫിക്കററ് നല്കാൻ സ്റ്റേററ് ഗവണ്മെൻറുകൾക്കു നൽകിയ അധികാരം ഉടൻ കേന്ദ്രഗവണ്മെൻറ് തിരിച്ചെടുക്കുക.

ഈ ആവശ്യങ്ങൾ എത്രയും മിതങ്ങളും, പ്രക്ഷോഭംകൂടാതെ സ്വമേധയാ, കേന്ദ്രഗവണ്മെൻറ് ഉടൻ നടപ്പിൽ വരുത്തേണ്ടവയും ആണെന്നു കാണാൻ പ്രയാസമില്ല.

അസാം പ്രക്ഷോഭനേതാക്കളുമായി കേന്ദ്രഗവണ്മെൻറ് നടത്തിയ ചർച്ചകൾ തെററിപ്പിരിഞ്ഞതു്, അസാമിൽ എന്നു മുതൽ കടന്നുകൂടിയ വിദേശികളെ പുറത്താക്കണമെന്നതു സംബന്ധിച്ച തർക്കംമൂലമാണു്. 1951 മുതൽ നിയമവിരുദ്ധമായി അസാമിൽ കടിയേറിയ എല്ലാവരെയും പുറത്താക്കണമെന്ന വാദം, അപ്രായോഗികമെന്നു കണ്ടു്, പ്രക്ഷോഭനേതാക്കൾ പിന്നീടു് ഉപേക്ഷിച്ചു. പക്ഷേ, 1962 മുതൽ 1971 വരെ വന്ന കള്ളക്കുടിയേററക്കാരെ പുറത്തയയ്ക്കണമെന്ന വാദത്തിൽ അവർ ഉറച്ചുനിന്നു. ഇതിനർത്ഥം ഒമ്പതു ലക്ഷം പേരുകൾ വോട്ടർപട്ടികയിൽ നിന്നു് ഉടൻ നീക്കിക്കളയണമെന്നും, ക്രമേണ ഇത്രയും ആളുകളെ ബംഗ്ളാദേശിലേക്കു തിരിച്ചയയ്ക്കണമെന്നുമാണു്. എന്നാൽ, കേന്ദ്രഗവണ്മെൻറ് 1971–നു ശേഷം നിയമവിരുദ്ധമായി കടിയേറിയവരെ പുറത്താക്കാൻ മാത്രമേ തയ്യാറായിട്ടുള്ളു. അതും നടക്കുമോ എന്നു കണ്ടറിയണം.

ഫെബ്രുവരിയിൽ അസാമിൽ നടന്ന തെരഞ്ഞെടുപ്പിൻെറ പശ്ചാത്തലം, ചുരുക്കത്തിൽ ഇതാണു്. അസംബ്ലിയിലെ 126 സ്ഥാനങ്ങളിലേക്കും പാർലമെൻറിലെ 12 സ്ഥാനങ്ങളിലേക്കുമാണു തെരഞ്ഞെടുപ്പു നടന്നതു്. അസാം പ്രക്ഷോഭകാരികൾ ഈ തെരഞ്ഞെടുപ്പു പൂർണമായും സഫലമായും ബഹിഷ്കരിച്ചു. അസാം സംസ്ഥാനത്തിലെ സർക്കാരുദ്യോഗസ്ഥന്മാരുടെ നിസ്സഹകരണംമൂലം ബിഹാറിൽനിന്നും മററും വലിയ പ്രലോഭനം കൊടുത്തു തെരഞ്ഞെടുപ്പുദ്യോഗസ്ഥന്മാരെ കൊണ്ടുവരേണ്ടിവന്നു. ഇവർക്കു പല ബൂത്തുകളിലും എത്താൻതന്നെ കഴിഞ്ഞതുമില്ല. നോമിനേഷൻ കൊടുക്കാൻ ആഗ്രഹമുള്ള പല സ്ഥാനാർത്ഥികൾക്കും അതിനു പ്രയാസം നേരിട്ടു. ചില സ്ഥാനാർത്ഥികളുടെ കുടുംബാംഗങ്ങളെ തട്ടിക്കൊണ്ടുപോയി എന്നു പരാതിയുണ്ടായി. ഒരു സ്ഥാനാർത്ഥി വെടിയേററു മരിച്ചു. പല സ്ഥാനാർത്ഥികളും വളരെ ദിവസങ്ങളോളം കടുത്ത കാവലിൽ കഴിയേണ്ടിവന്നു. ഒരൊററ വോട്ടറും വരാത്ത തെരഞ്ഞെടുപ്പുബൂത്തുകൾ വളരെയായിരുന്നു. പല നിയോജകമണ്ഡലങ്ങളിലും നിശ്ചിത ദിവസം നടക്കാത്തതിനാൽ തെരഞ്ഞെടുപ്പു നീട്ടിവെക്കേണ്ടിവന്നു. ചിലേടത്തു ബാലററുപെട്ടികൾ കാണാതായി. ഒരിടത്തു പ്രാദേശിക പോലീസും പുറമേനിന്നു കൊണ്ടുവന്ന സി. ആർ. പി. യും തമ്മിൽ വെടിവെയ്പു നടന്നു.

ചുരുക്കത്തിൽ, നാം മനസ്സിലാക്കിയ തരത്തിലുള്ള ഒരു തെരഞ്ഞെടുപ്പല്ല അസാമിൽ നടന്നതു്. മുമ്പു പറഞ്ഞതുപോലെ, നീണ്ട ഒരാഭ്യന്തരയുദ്ധത്തിലെ ഒരു പൊരിഞ്ഞ പോരാട്ടമായിരുന്നു അതു്. അസാമിയ ഭാഷയിലും സാഹിത്യത്തിലും സംസ്കാരത്തിലും താല്പര്യമുള്ള യഥാർത്ഥ അസാംകാർ ഒരു വശത്തും, കള്ളക്കുടിയേററക്കാരും അവരെ അനുകൂലിക്കുന്ന ഇന്നത്തെ ഭരണസംവിധാനവും മറുവശത്തും ആയി നടത്തിയതാണു് ഈ പോരാട്ടം. ഈ പോരാട്ടത്തിൽനിന്നു തങ്ങൾക്കു മെച്ചമുണ്ടാക്കുവാൻ കഴിയുമോ എന്നു നോക്കുകയായിരുന്നു തെരഞ്ഞെടുപ്പിൽ പങ്കെടുത്ത കോൺഗ്രസ് (ഐ) പാർട്ടിയും, അവർക്കെതിരെ കൂട്ടുമുന്നണി

യായി സംഘടിച്ച മററു പാർട്ടികളും ചെയ്തതു്. 'തടങ്ങൽ ക്യാമ്പിലെ തെരഞ്ഞെടുപ്പ്'' എന്നു് ഇതിനെ വേണമെങ്കിൽ വിശേഷിപ്പിക്കാം.

ഇനിയോ? സർക്കാർകാര്യം മുറപോലെ നടക്കും. ചുരുങ്ങിയതു പത്തു ശതമാനം അംഗങ്ങൾ (126–ൽ, 13) തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ടാൽ അസാം നിയമസഭയ്ക്കു സമ്മേളിക്കാം. പത്തു ശതമാനമാണ നിയമസഭയുടെ കോറം. അത്രയും പേർ ചേർന്നാൽ നിയമസഭയായി. അവർക്കു വേണമെങ്കിൽ ഒരു മന്ത്രിസഭയുണ്ടാക്കി ഭരണം നടത്താം. അവർ മന്ത്രിസഭയുണ്ടാക്കാൻ ശ്രമിച്ചു പരാജയപ്പെട്ടാൽ, കേന്ദ്ര ഗവണ്മെൻറിനു് അസാമിലെ രാഷ്ട്രപതിഭരണം രണ്ടു വർഷത്തേക്കുകൂടി നീട്ടുകയുമാവാം. നിയമത്തിൻെറ ദൃഷ്ടിയിൽ അസാമിൽ എല്ലാം ഭദ്രം.

ഇതിനോ ഇന്ത്യ സ്വാതന്ത്ര്യം നേടിയതു്?

(18 ഫെബ്രുവരി, 1983)

## 47. പഞ്ചാബ്

പഞ്ചാബിൽ എന്തു നടക്കുന്നു? എന്തുകൊണ്ടു്? അതറിയണമെങ്കിൽ പഴയ ചരിത്രം അല്പം ചികഞ്ഞുനോക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ മററു സംസ്ഥാനങ്ങളോടു കാണിച്ചിരുന്നതിൽ കൂടുതൽ പ്രതിപത്തി പഞ്ചാബിനോടു് ബ്രിട്ടീഷുകാർ പ്രദർശിപ്പിച്ചിരുന്നു. മററു സംസ്ഥാനങ്ങളിൽ കൃഷി മുഖ്യമായും മഴയെ ആശ്രയിച്ചു നടന്നുകൊണ്ടിരുന്നപ്പോൾ, പഞ്ചാബിൽ ജലസേചനത്തോടുകളുടെ വിപുലമായ ഒരു വലക്കെട്ടുതന്നെ ബ്രിട്ടീഷുകാർ നിർമിച്ചു. നിശ്ചിതമായ ജലസേചന സൗകര്യവും സിന്ധുനദിസമതലത്തിലെ മണ്ണിൻെറ അസാധാരണമായ വളക്കൂറും പഞ്ചാബികൾക്കു സഹജമായ അദ്ധ്വാനശീലവുംകൂടി ചേർന്നപ്പോൾ, ഇന്ത്യയിലെ ഏററവും അധികം സമ്പന്നമായ കാർഷിക പ്രദേശമായി പഞ്ചാബ്. പണക്കൊഴുപ്പുള്ള ലംബർദാർമാർ—ജമീന്ദാർമാരും, ജാഗീർദാർമാരും—പഞ്ചാബിൽ എത്രയെങ്കിലുമുണ്ടായിരുന്നു. അരോഗദൃഢഗാത്രരായ പഞ്ചാബികൾ, പ്രത്യേകിച്ചു സിക്കുകാരും മുസ്ലീങ്ങളും, ലോകത്തിൽ ഏററവും മികച്ച പട്ടാളക്കാരെന്ന പ്രശസ്തി വളരെ മുമ്പുതന്നെ നേടി. ബ്രിട്ടീഷ് ഇന്ത്യൻ സൈന്യത്തിൽ മുൻഗണന എക്കാലത്തും പഞ്ചാബികൾക്കായിരുന്നു. ബ്രിട്ടീഷ് സർക്കാർ നൽകിയ സ്ഥാനമാനങ്ങൾ നേടിയവരുടെ സംഖ്യയും പഞ്ചാബികൾക്കിടയിൽ ഒട്ടേറെയുണ്ടായിരുന്നു.

മതത്തെ അടിസ്ഥാനപ്പെടുത്തി ഇന്ത്യ വിഭജിക്കുമെന്നു് ഏതാണ്ടു തീർച്ചയായപ്പോൾ, പാക്കിസ്ഥാനും ഇന്ത്യയ്ക്കും മദ്ധ്യത്തിൽ സ്വതന്ത്രമായ ഒരു സിക്ക്‌രാഷ്ട്രം സ്ഥാപിക്കുവാൻ കഴിഞ്ഞേക്കുമെന്ന അതിമോഹം ചില സിക്ക്നേതാക്കൾക്കു് ഉണ്ടായി. ഇങ്ങനെയൊരു സിക്ക് രാഷ്ട്രം സ്ഥാപിക്കുന്നതിനായി ഇന്ത്യയ്ക്കെതിരെ ജിന്നയുമായി കൂട്ടുചേർന്നു പ്രവർത്തിക്കാൻപോലും പ്രമാണികളായ ചില സിക്കുകാർ തയ്യാറാകുകയുണ്ടായെന്നു പറയപ്പെടുന്നു. എന്നാൽ, ഇന്ത്യാവിഭജനവും, അതിനു തൊട്ടുമുമ്പും പിമ്പുമുണ്ടായ ഭീകരമായ രക്തച്ചൊരിച്ചിലും, ഈ ദിശയിലുള്ള പ്രവർത്തനത്തിനു തടസ്സം സൃഷ്ടിച്ചു. വിഭജനത്തിൻെറ ദുഷ്ഫലങ്ങൾ ഏററവുമധികം അനുഭവിച്ചതു് പഞ്ചാബ് ആയിരുന്നുവല്ലോ. ഭൂമിശാസ്ത്രപരമായും സാമ്പത്തികമായും ഒരൊററ ഘടകമായ പഞ്ചാബ് രണ്ടായി വെട്ടിമുറിക്കപ്പെട്ടു. ഇന്ത്യയിൽ തുടർന്ന കിഴക്കൻ പഞ്ചാ